**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1206    20.03.2012- ൽ മറുപടിക്ക്**

**സുരക്ഷായാനം 2012**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ഡി സതീശൻ<br>ശ്രീ. എം.എ വാഹീദ്<br>ശ്രീ. കെ. മുരളീധരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | 'സുരക്ഷായാനം 2012' ശിൽപശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) | ശിൽപ ശാലയുടെ ലക്ഷ്യങ്ങൾ<br><br>1. ദേശീയ അന്തർദേശീയ ഭരണ സൈദ്ധാന്തിക വിദഗ്ദ്ധരുടെ സഹായ സഹകരണത്തോടെ, യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള ദുരന്താഘാത ലഘൂകരണ പദ്ധതികളും ഭരണ തീരുമാനങ്ങളും രൂപീകരിക്കുക.<br>2. അന്തർദേശീയ തലത്തിലുള്ള ദുരന്താഘാത ലഘൂകരണ പ്രവർത്തകർ, ശാസ്ത്രജ്ഞർ, ഭരണകർത്താക്കൾ, ദുരന്താഘാത വാർത്തകൾ കൈകാര്യം ചെയ്യുന്നവർ എന്നീ വിഭാഗങ്ങളെ ഒരുമിപ്പിച്ച് ശക്തവും പ്രയോജനപ്രദവുമായി ദുരന്താഘാതം കൈകാര്യം ചെയ്യുന്നതിനും ലഘൂകരണ പ്രവർത്തനത്തിനുമുള്ള വഴികളെക്കുറിച്ച് ആശയ വിനിമയം നടത്തുക.<br>3. ലോകത്തെമ്പാടുമുള്ള സാമൂഹ്യാധിഷ്ടിത ദുരന്താഘാത ലഘൂകരണ പദ്ധതികളെക്കുറിച്ചുള്ള വിവരണങ്ങളും അറിവുകളും ശേഖരിക്കുകയും അതിൽ ഏറ്റവും മികച്ചവ തിരഞ്ഞെടുക്കുകയും ചെയ്യുക.<br>4. ദുരന്താഘാത ലഘൂകരണ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച ശാസ്ത്രജ്ഞരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക. |
| (ബി) | ശിൽപശാലയിൽ ഉയർന്നുവന്ന പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ് ; | (ബി) | പ്രധാന തീരുമാനങ്ങൾ<br><br>1. ദുരന്ത സാധ്യത ലഘൂകരണവും, ആസൂത്രണവും അന്തർദേശീയ, ദേശീയ, പ്രാദേശിക തലത്തിൽ പൊതുസമൂഹം, സർക്കാർ ഇതര സ്ഥാപനങ്ങൾ, വാർത്താ മാധ്യമങ്ങൾ തുടങ്ങിയവയെ ഉൾപ്പെടുത്തി കൊണ്ടുള്ളവയായിരിക്കണം. കൂടാതെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നിയമനിർമ്മാണത്തോടെയും പൊതുനയ രൂപീകരങ്ങളാലും സാമ്പത്തിക സഹായം കൊണ്ടും ശക്തിപ്പെടുത്തേണ്ടതാണ്.<br>2. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും പൊതുനയങ്ങളും സ്വകാര്യവും സമൂഹ |

| | | | |
|---|---|---|---|
| | | | ത്തിലെ സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ എന്നിവരെ ബന്ധപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം.<br>3. അപകടസാധ്യതകളെ ശാസ്ത്രീയമായി അപഗ്രഥനം നടത്തിയതിനു ശേഷമായിരിക്കണം വികസോനോന്മുഖ പ്രവർത്തനങ്ങളുടെ തുടക്കം കുറിക്കേണ്ടത്. കൂടാതെ വികസന പദ്ധതികളുടെ ആസൂത്രണം, പൊതുസമൂഹം നേരിടുന്ന ദുരന്തഭീഷണിയെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് മുൻനിർത്തിയിട്ടുള്ളതായിരിക്കണം.<br>4. പൊതുസമൂഹത്തിന് അവർ അഭിമുഖീകരിക്കേണ്ടിവരുന്ന ദുരന്ത സാദ്ധ്യതകളെക്കുറിച്ച് അറിയാനുള്ള അവകാശമുണ്ട്. ആയതിനാൽ അതിനു വേണ്ടുന്ന സാങ്കേതിക മുന്നറിയിപ്പ് സംവിധാനങ്ങളെ ആശ്രയിച്ച് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വിവരങ്ങൾ യഥാസമയം പൊതുജനങ്ങളുമായി പങ്കുവയ്ക്കുവാനും ഭരണകൂടം ശ്രദ്ധ പുലർത്തേണ്ടതാണ്.<br>5. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ പരിശീലന പരിപാടികളിൽ മാത്രം ഒതുക്കി നിർത്താതെ സമൂഹത്തിലെ കുട്ടികൾ, യുവാക്കൾ തുടങ്ങിയ വിഭാഗങ്ങളിലേക്ക് കടന്നു ചെന്ന് അവരെ ദുരന്തങ്ങൾ ക്രിയാത്മകമായി നേരിടാൻ സജ്ജരാക്കാൻ ഔപചാരികവും അനൗപചാരികവുമായ പഠനരീതിയിലൂടെ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്.<br>6. പ്രാദേശികവും പരമ്പരാഗതവുമായ ദുരന്ത ലഘൂകരണ സംവിധാനങ്ങൾ സമയാധിഷ്ഠിതമായി രേഖപ്പെടുത്തുകയും പരിസ്ഥിതിയ്ക്ക് അനുസൃതമായി ആവശ്യാനുസരണം പുനരാവിഷ്ക്കരിക്കുകയും ചെയ്യേണ്ടതാണ്.<br>7. ദുരന്ത ലഘൂകരണ ആസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടത്തക്ക രീതിയിൽ സമൂഹത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും നിയോഗിക്കുകയും ചുമതലപ്പെടുത്തുകയും സർക്കാരിന്റെ പ്രതിരോധ സംവിധാനവുമായി ബന്ധപ്പെട്ട് ആയവ പ്രവർത്തിക്കുന്നതിനായി പ്രാപ്തിപ്പെടുത്തുകയും വേണം.<br>8. പുതുതായി ഉണ്ടാകുന്ന അപകട സാദ്ധ്യതകളെ പ്രത്യേകിച്ച് മനുഷ്യ സൃഷ്ടിതമായ ആണവ വികിരണം, എണ്ണച്ചോർച്ച, രാസദുരന്തങ്ങൾ തുടങ്ങിയവയെക്കുറിച്ച് കാലാകാലങ്ങളിൽ വിലയിരുത്തി ആയവ ലഘൂകരിക്കുന്നതിനും ഫലപ്രദമായി നേരിടുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. |

| | | | |
|---|---|---|---|
| (സി) | ഇതനുസരിച്ച് ദുരന്തനിവാരണവും ലഘൂകരണവും ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | ദുരന്ത നിവാരണം കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സർക്കാരിതര ഏജൻസികളുടെയും വാർത്താ മാദ്ധ്യമങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ശാസ്ത്രജ്ഞന്മാരുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനത്തിലൂടെ മാത്രമേ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. മുകളിൽ വിവരിച്ച കാര്യങ്ങൾ നടപ്പിലാക്കുവാനായി മേൽ ഉദ്ധരിച്ച വകുപ്പുകളുടെയും ഏജൻസികളുടെയും സഹായ സഹകരണങ്ങൾ തേടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ